/71987/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ.പ്രിയങ്ക ജി. ഐ എ എസ്)

വിഷയം:- വനിത ശിശുവികസന വകുപ്പ് – വർണ്ണക്കൂട്ട് അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നത് - മൂന്നാം ക്വാർട്ടർ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(സാധാ) നം.239/2022/വശിവിവ, തീയതി : 21.05.2022
2. വനിതാ ശിശുവികസന ഡയറക്ടറുടെ 27.06.2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
3. ഈ കാര്യാലയത്തിൽ നിന്നുള്ള 19.07.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം. DWCD/1214/2022-ICDSA6, തീയതി: 16-12-2022**

അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിലെ (വർണ്ണക്കൂട്ടിലെ) അംഗങ്ങൾക്ക് നാല് ക്വാർട്ടറുകളിലായി കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സൺസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ നല്കുന്നതിലെയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഓരോ ക്വാർട്ടറിലും നൽകേണ്ട ബോധവൽക്കരണ ക്ലാസ്സുകളുടെ വിഷയങ്ങളും തുടർപ്രവർത്തനങ്ങളും സംബന്ധിച്ചും, ക്ലാസുകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ സംബന്ധിച്ചും പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ആദ്യ രണ്ടു ക്വാർട്ടറുകൾക്ക് ആവശ്യമായ തുക പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സൺസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിലെയ്ക്ക് മൂന്നാം ക്വാർട്ടറിലെയ്ക്ക് ആവശ്യമായ തുക ജില്ല വനിതാ ശിശുവികസന ഓഫീസർമാരുടെ പേർക്ക് ചുവടെ ചേർക്കുന്ന രീതിയിൽ അനുവദിച്ച് ഉത്തരവാകുന്നു .

| ക്രമ നം. | ജില്ല | ICDS പ്രോജെക്ടുകളുടെ എണ്ണം | അങ്കണവാടികളുടെ എണ്ണം | ഒരു അങ്കണവാടിയ്ക്ക് അനുവദിക്കുന്ന തുക (Rs) | അനുവദിക്കുന്ന തുക (Rs) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 3061 | 250 | 765250/- |
| 2 | കൊല്ലം | 21 | 2723 | 250 | 680750/- |
| 3 | പത്തനംതിട്ട | 12 | 1389 | 250 | 347250/- |
| 4 | ആലപ്പുഴ | 15 | 2150 | 250 | 537500/- |
| 5 | കോട്ടയം | 15 | 2050 | 250 | 512500/- |
| 6 | ഇടുക്കി | 13 | 1561 | 250 | 390250/- |
| 7 | എറണാകുളം | 23 | 2858 | 250 | 714500/- |
| 8 | തൃശ്ശൂർ | 23 | 3016 | 250 | 754000/- |
| 9 | പാലക്കാട് | 21 | 2835 | 250 | 708750/- |
| 10 | മലപ്പുറം | 29 | 3808 | 250 | 952000/- |
| 11 | കോഴിക്കോട് | 21 | 2938 | 250 | 734500/- |

| | | | | | |
|---|---|---|---|---|---|
| 12 | വയനാട് | 8 | 874 | 250 | 218500/- |
| 13 | കണ്ണൂർ | 21 | 2504 | 250 | 626000/- |
| 14 | കാസർഗോഡ് | 12 | 1348 | 250 | 337000/- |
| | **ആകെ** | **258** | **33115** | **250** | **82,78,750/-** |

**(എൺപത്തിരണ്ട് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി**
**എഴുന്നൂറ്റി അൻപതു രൂപ മാത്രം)**

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക ഓരോ ICDS കളിലെയും അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി അതാത് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് സഹിതം കൈമാറേണ്ടതും, ശിശുവികസന പദ്ധതി ഓഫീസർമാർ ടി തുക ബോധവൽക്കരണ ക്ലാസുകൾ നയിച്ച റിസോഴ്സ് പേഴ്സൺസിന് അനുവദിച്ച നൽകേണ്ടതുമാണ്.

ഇതിനാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68 (03)(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപ്പത്രം CDPO മാർ പ്രോഗ്രാം ഓഫീസർമാർ മുഖേന സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

നിലവിൽ പൂർത്തിയാക്കിയ മൂന്നു ക്വാർട്ടറുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം expenditure statement സഹിതം ഈ ഉത്തരവ് ലഭ്യമായി 7 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ icdsasection@gmail.com എന്ന മെയിലിൽ ലഭ്യമാക്കേണ്ടതാണ്. ആയതു ലഭ്യമായാൽ മാത്രമേ അവസാന ക്വാർട്ടർ തുക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്നറിയിക്കുന്നു. ടി വിഷയത്തിൽ സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫിസർമാർക്കും,
പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫിസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫിസർമാർക്കും.
3. സൂപ്രണ്ട്,അക്കൗണ്ട് സെക്ഷൻ
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം
Sonde
സൂപ്രണ്ട്.